THE SYRO-MALANKARA CATHOLIC CHURCH

**MAJOR ARCHDIOCESE OF TRIVANDRUM**

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 2/2019

20 March 2019

# സർക്കുലർ

## യുവജനസംഗമം – Activated Youth of Malankara - AYM

വന്ദ്യ കോറെപ്പിസ്കോപ്പാമാരെ, റമ്പാന്മാരെ, ബഹു. വൈദികരെ, ശെമ്മാശ്ശന്മാരെ, ശെമ്മാശന്മാരേ, സന്യസ്തരെ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം (എം.സി.വൈ.എം.) എന്നും സഭയിൽ യുവജനങ്ങളെ ആത്മീയമായി ഉണർവ് നൽകി പ്രവർത്തിച്ച പ്രസ്ഥാനമാണ്. ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവ് പുനരൈക്യവുമായി മുന്നോട്ടു നീങ്ങിയപ്പോൾ മുതൽ അത്മായ നേതൃത്വം എന്നും ബലമായിരുന്നു. പുണ്യപിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്രയ്ക്ക് തുടക്കം കുറിച്ചതും നേതൃത്വം നൽകിയതും എം.സി.വൈ.എം. ആണെന്നുള്ളത് അഭിമാനമാണ്. ഇന്നും അത് ഏറ്റം ഭംഗിയായി യുവജനനേതൃത്വം തുടരുന്നു.

എം.സി.വൈ.എം. -ന്റെ സുവർണ്ണജൂബിലി വർഷത്തിലെ ഏറ്റവും വലിയ കാരുണ്യപ്രവർത്തനം പ്രളയത്തിൽ തകർന്നുപോയ കുടുംബങ്ങൾക്കും നാടിനും കൈത്താങ്ങായി പ്രവർത്തിക്കുക എന്നുള്ളതായിരുന്നു. രക്ഷാപ്രവർത്തനങ്ങൾക്കും, മറ്റ് സഹായങ്ങൾക്കും, ശുശ്രൂഷകൾക്കും, പ്രത്യേകിച്ച് ഒരു വർഷത്തേക്ക് 150 കുടുംബങ്ങളെ ഏറ്റെടുത്ത് ഒരു മാസം 2,500 രൂപാ വീതം നൽകിക്കൊണ്ട് നടത്തിവരുന്ന 'ജീവനം', തിരുവനന്തപുരം, മാവേലിക്കര, പത്തനംതിട്ട, തിരുവല്ല, മൂവാറ്റുപുഴ എന്നീ നമ്മുടെ രൂപതകളിലെ പാവപ്പെട്ട മനുഷ്യർക്ക് ജാതിമത ഭേദമെന്യേ നടത്തിവരുന്നതും ശ്രദ്ധേയമാണ്.

2019 ഏപ്രിൽ 26-ാം തീയതി വെള്ളിയാഴ്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് "Activated Youth of Malankara - AYM" എന്ന പേരിൽ ഒരു

യുവജനസംഗമവും, സുവർണ്ണജൂബിലി സമാപന സമ്മേളനവും നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വളരെ സന്തോഷത്തോടെ അറിയിക്കട്ടെ.

സഭയുടെ ശതാബ്ദി വർഷത്തിലേക്ക് നടന്നടുക്കുന്ന നമുക്ക് യുവജനങ്ങളെ ദൈവവിശ്വാസത്തിലും, സഭാസ്നേഹത്തിലും, ധാർമ്മിക മൂല്യങ്ങളിലും വളരുന്നതിന് പ്രാപ്തരാക്കി മുന്നോട്ടു നയിക്കേണ്ടതുണ്ട്. അതിന് ഉപകരിക്കുന്ന രീതിയിൽ ഒരു സംഗമമാണ് ഏപ്രിൽ 26-ാം തീയതി വെള്ളിയാഴ്ച "AYM" (Activated Youth of Malankara) **"സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം"** (1 കോറി. 14:1) എന്ന വചനത്തെ അടിസ്ഥാനമാക്കി നടത്തപ്പെടുന്നത്. നാം ലക്ഷ്യം വയ്ക്കേണ്ടത് എന്തിലേക്കാണെന്നുള്ളതിന്റെ ഓർമ്മപ്പെടുത്തൽ കൂടിയായിരിക്കും ഈ കൂടിവരവ് എന്നുള്ളത് സംശയമില്ല.

**2019 ഏപ്രിൽ 26-ാം തീയതി പട്ടം സെന്റ് മേരീസ് ആഡിറ്റോറിയത്തിൽ വച്ച് രാവിലെ 9 മുതൽ രാത്രി 9 വരെയായിരിക്കും "AYM" നടത്തപ്പെടുക.** 8.30-ന് രജിസ്ട്രേഷൻ ആരംഭിക്കും. വി. കുർബാനയും വിദഗ്ദരുടെ ക്ലാസും അന്നേദിവസം നടക്കുന്ന നമ്മുടെ എല്ലാ ഇടവകകളിൽനിന്നും ഇതിലേക്കായി യുവജനങ്ങളെ അയക്കാൻ ബഹു. വൈദികരും, സിസ്റ്റേഴ്സും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അതുപോലെ നിങ്ങളെല്ലാവരുടെയും ശക്തമായ പ്രാർത്ഥനയും പിന്തുണയും സാന്നിധ്യവും ഈ സംഗമത്തിന്റെ വിജയത്തിനായി ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നു. യുവജനശുശ്രൂഷയിൽ ത്യാഗപൂർവ്വം പങ്കുചേരുന്ന എല്ലാവർക്കും ദൈവനാമത്തിൽ നന്ദി അർപ്പിക്കുന്നു.

സ്നേഹാശീർവ്വാദങ്ങളോടെ,

+Baselios cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*